LIBRARY ARCHIVES Kerala Legislative Assembly

പെട്രോൾ ബങ്കുകളിൽ വാഹനങ്ങൾക്ക് ആവശ്യമായ വെള്ളം, എയർ എന്നിവ സൗജന്യമായി നൽകണമെന്ന നിർദ്ദേശം

207 (4839) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസിന്റെ പെട്രോൾബങ്കുകളിലും പ്രൈവറ്റായിട്ടുള്ള പെട്രോൾ ബങ്കുകളിലും വാഹനങ്ങൾക്ക് ആവശ്യമായ വെള്ളം, എയർ എന്നിവ സൗജന്യമായി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് ഘടകവിരുദ്ധമായി പ്രവർത്തിക്കുന്ന പമ്പ് ഉടമകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദൂരയാത്രകാർക്ക് ആശ്വാസമേകുന്ന ടോയിലറ്റ് സംവിധാനം തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പൊതുജനങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതു ഫലപ്രദമായ രീതിയിൽ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പെട്രോൾ ബങ്കുകളിൽ വാഹനങ്ങൾക്കാവശ്യമായ വെള്ളം, എയർ എന്നിവ ലഭ്യമാക്കുന്നുണ്ട്. പ്രൈവറ്റായിട്ടുള്ള പെട്രോൾ ബങ്കുകളിൽ വായു, വെള്ളം എന്നിവ ഉപഭോക്താക്കൾക്ക് സൗജന്യമായി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് എണ്ണ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) ഇത്തരം സേവനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അവ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കാറുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി&ഡി) ദൂരയാത്രക്കാർക്ക് ടോയിലറ്റ് സംവിധാനം ലഭ്യമാക്കുന്നതിൽ അതീവശ്രദ്ധ ചെലുത്താറുണ്ട് എന്നും എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.